INSTALLATION OF TELEPHONES FOR BUSINESS MEN AND THE PRESS— DIFFICULTIES REGARDING

185. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തിൽ പലേ സ്ഥലങ്ങളിലുമുള്ള വ്യവസായികൾക്കും പത്രങ്ങൾക്കും മറ്റും ടെലിഫോൺ സ്ഥാപിച്ചു കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ഗവൺമെണ്ടിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ കാര്യത്തെപ്പറ്റി മലബാർ മെയിലിലും ദീപത്തിലും എഴുതിയിരുന്ന മുഖ പ്രസംഗങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ :

(എ) ഉണ്ട്.

(ബി) ഉണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: നിവേദനം കിട്ടിയതിനുശേഷം ആ കാര്യത്തിൽ ഗവൺമെണ്ട് വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇതിനെ സംബന്ധിച്ചു ഗവൺമെണ്ടിൽനിന്നു മദ്രാസ്സിലെ പോസ്റ്റ് ആൻറ് ടെലിഗ്രാഫ് സ് മാനേജർക്കും ഇൻഡ്യാ ഗവൺമെണ്ടിന്റെ പോസ്റ്റ് ആൻറ് ടെലിഗ്രാഫ് ഡയറക്ടർ ജനറാൾക്കും എഴുതി അയച്ചു. അനുകൂലമായ മറുപടികളാണ് കിട്ടിയതു്. ഇതിനുംപുറമെ വിദ്യാഭ്യാസ മന്ത്രി ഡെൽഹിയിൽ പോയപ്പോൾ ഇതിനെ സംബന്ധിച്ചു് പോസ്റ്റ് ആൻറ് ടെലിഗ്രാഫ് സെക്രട്ടറി ചീഫ് എഞ്ചിനീയരുമായിട്ടു ആലോചിച്ചു. അതിനുശേഷം അവിടെനിന്നു് ഒരാൾ ഇവിടെ വന്നിട്ടുണ്ടായിരുന്നു. കഴിയുന്നതും വേഗം, ഒരു മൂന്നുമാസത്തിനുള്ളിൽ നമുക്കു അതു് നിവൃത്തിച്ചു തരാമെന്നു് പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: മൂന്നുമാസമെന്നു പറയുന്നതു് അന്നത്തോട്ടോ അല്ലെങ്കിൽ ഇന്നു മുതലല്ലോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : അന്നത്തുടങ്ങിയാണു്.

RAM MOHAN PALACE AND ADJACENT GROUNDS—LENDING FOR MILITARY HOSPITAL PURPOSES—DETAILS REGARDING

186. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) റാം മോഹൻ പാലസ്സും ഗ്രൗണ്ടും സമീപപ്രദേശങ്ങളും മിലിട്ടറി ആശുപത്രിക്കായും മറ്റും വിട്ടുകൊടുത്തപ്പോൾ ഗവൺമെണ്ടിൽനിന്നും വല്ല വാടകയൊ പാട്ടമൊ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(സി) ഗവൺമെണ്ട് മിലിറ്ററിക്കു് എല്പിച്ചുകൊടുക്കുമ്പോൾ റാം മോഹൻ പാലസ്സിലുണ്ടായിരുന്ന വല്ല കെട്ടിടങ്ങളും ഭാഗങ്ങളും അവർ പൊളിച്ചു കളയുകയൊ മാറ്റം ചെയ്യുകയൊ ചെയ്തിട്ടുണ്ടോ ;

(ഡി) അങ്ങിനെ ചെയ്യുന്നപക്ഷം അവർ അതിനു നൽകേണ്ട നഷ്ടപരിഹാരത്തെ കുറിച്ചു് വല്ല വ്യവസ്ഥയും സ്ഥലം വിട്ടു കൊടുത്ത കാലത്തു ചെയ്തിട്ടുണ്ടൊ?

റാവു സാഹിബ്ബ് പി. വി. രാഘേൽ :

(എ) സൌജന്യമായിട്ടാണു് കൊടുത്തിരുന്നതു്.

(ബി) എ.ക്കുള്ള മറുപടി നോക്കുക.

(സി) രണ്ടു കക്കൂസുകൾ പൊളിച്ചിട്ടുണ്ടു്.

(ഡി) റാം മോഹൻ പാലസ്സും സമീപപ്രദേശങ്ങളും ഗവൺമെണ്ടിലേക്കു് തിരിച്ചു തരുമ്പോൾ ആവശ്യമുണ്ടെങ്കിൽ ആ രണ്ടു കക്കൂസുകളും വീണ്ടും പണിയിച്ചു തരുവാൻ മിലിട്ടറിക്കാർ ഏറ്റിട്ടുണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതു് എന്നേക്കു തിരിച്ചുകിട്ടും?

റാവു സാഹിബ്ബ് പി. വി. രാഘേൽ: അധികം താമസിയാതെ തിരിച്ചുകിട്ടും.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: എങ്കിലും അതെന്നേക്കു കിട്ടുമെന്നു പറയാമൊ?

LIBRARY ARCHIVES Kerala Legislative Assembly